**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **20-01-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ/സിംകാർഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സേനയിൽ സർക്കാർ ചെലവിൽ മൊബൈൽ ഫോൺ/സിംകാർഡ് വിതരണം നടത്തിയിരുന്നോ; എങ്കിൽ എപ്പോൾ; വാങ്ങിയവയെല്ലാം ഒരേ ഇനത്തിലും ഉപയോഗത്തിലും പെട്ടതായിരുന്നോ; | (എ) | സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്ക് മൊബൈൽ ഫോൺ വിതരണം നടത്തിയിട്ടില്ല. എന്നാൽ സർക്കാർ ചെലവിൽ സിംകാർഡ് വിതരണം നടത്തിയിട്ടുള്ളതാണ്. 2009 മുതലാണ് പോലീസ് സേനാംഗങ്ങൾക്ക് CUG സിംകാർഡ് നൽകുന്ന 'Hello Kerala" പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഈ സിംകാർഡുകൾ എല്ലാം തന്നെ BSNL ൽ നിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവയെല്ലാം ഒരേ ഇനത്തിലും ഉപയോഗത്തിലും പെട്ടവയാണ്. |
| (ബി) | ഏതുതലം മുതൽ ഏതുതലം വരെയുള്ള സേനാംഗങ്ങൾക്കാണ് ഇവ ലഭ്യമാക്കിയത്; എത്ര വീതം; | (ബി) | സി.പി.ഒ മുതലുള്ള ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ Pre-paid CUG സിംകാർഡുകൾ നൽകിയിട്ടുള്ളതാണ്. ഒരു സേനാംഗത്തിന് ഒരു സിംകാർഡ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. |
| (സി) | സർക്കാർ ഇവ ഏതെങ്കിലും ടെലിഫോൺ കമ്പനികളിൽ നിന്നാണോ വാങ്ങിയത്; ഇവ വാങ്ങിയതിന് സ്വീകരിച്ച മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ; ഇവ വാങ്ങുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തിയത്; | (സി) | സിംകാർഡുകൾ BSNL ൽ നിന്നുമാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി കാർഡുകൾ സൗജന്യമായാണ് BSNL ൽ നിന്നും ലഭ്യമായിട്ടുള്ളത്. സിംകാർഡുകളുടെ മാസവാടക "2055-00-001-99-05-OE-03 ടെലിഫോൺ ചാർജ്ജസ്" എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. നിലവിൽ പോലീസ് സേനയിൽ 51210 CUG സിം കാർഡുകൾ വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ഡി) | ഇവ അടിയന്തരമായി ഈ വിഭാഗക്കാർക്ക് മാത്രം വാങ്ങി നൽകുന്നതിന് തിടുക്കം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ക്രമസമാധാനപാലനം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ ഒട്ടനവധി അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ആശയവിനിമയം സാധ്യമാക്കുന്നതിനും സേനാംഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുമാണ് CUG സിം |

| | | | |
|---|---|---|---|
| | | | കാർഡുകൾ പോലീസിന്റെ ഉപയോഗത്തിനായി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ